


# LOOK-!

• എ.കെ. അബ്ദുൽ മജീദ്

"ലുക്കില്ലാന്നല്ലേയുള്ളൂ, ആളൊരു ഗജപോക്കിരിയല്ലേ?'' എന്നൊക്കെ തമാശയായി പറയാറില്ലേ! Look എന്ന ഇംഗ്ലീഷ്‌വാക്ക് നാമമായും ക്രിയയായും, ശ്രദ്ധക്ഷണിക്കാനുള്ള വ്യാക്ഷേപക ശബ്ദമായുമൊക്കെ ഉപയോഗിക്കും. Look വരുന്ന ഒട്ടേറെ Phrasal verb കളും ഉണ്ട്.

'അവന്റെ ലുക്കെല്ലാം (ഭംഗി) പോയി' He lost his looks എന്നു തന്നെയാണ് ഇംഗ്ലീഷിലും. ഭാവം മട്ടും മാതിരിയും എന്നീ അർത്ഥത്തിലും Looks നാമമായി ഉപയോഗിക്കും. I don't like the looks of that guy എന്നാൽ 'ആ ചങ്ങാതിയുടെ മട്ടും മാതിരിയും എനിക്കിഷ്ടമല്ല' എന്നും സാരം. കോലം കണ്ടിട്ട് ആളെ വിശ്വസിക്കാൻ പറ്റുന്നില്ല എന്ന സൂചന ഇതിലുണ്ട്. He has the look of a thief എന്നാൽ 'അവന് കള്ളന്റെ ലക്ഷണമുണ്ട്' എന്നർത്ഥം.

നോക്കുക, അന്വേഷിക്കുക, കാഴ്ചയിൽതോന്നുക, അഭിമുഖമായി നിൽക്കുക എന്നിങ്ങനെയുള്ള അർത്ഥങ്ങളിലാണ് looks ന്റെ സാധാരണ ക്രിയാരൂപത്തിലുള്ള പ്രയോഗം.

She is looking at you. (നോക്കുന്നു)
We looked everywhere. (തിരഞ്ഞു)
You look like very tired. (തോന്നുന്നു)
The building looks west. (നേരെ, അഭിമുഖമായി)



മുഖം നോക്കുന്ന കണ്ണാടിക്ക് looking glass എന്നു പറയും. Good looking എന്നാൽ 'കാണാൻ കൊള്ളാവുന്ന' എന്നർത്ഥം. He is a good looking boy.

Lookout എന്ന് ഒറ്റപ്പദമായി പറയുമ്പോൾ 'ശ്രദ്ധാപൂർവവും നിരന്തരവുമായ തിരച്ചിൽ/ അന്വേഷണം' എന്ന അർത്ഥം ലഭിക്കും. The police is on the lookout for thief. (പോലീസ് കള്ളനെ തിരഞ്ഞു കൊണ്ടിരിക്കുകയാണ്). Lookout notice 'തിരച്ചിൽ നോട്ടീസ്' ആണ്. പിടികിട്ടാപ്പുള്ളികളുടെ ഫോട്ടോ സഹിതം പ്രസിദ്ധീകരിക്കുന്ന നോട്ടീസാണിത്.

Outlook എന്നു കേട്ടിട്ടുണ്ടാകുമല്ലോ. 'കാഴ്ചപ്പാട്' എന്നർത്ഥം.

She is a good looker എന്നാൽ എന്താണർത്ഥം? 'അവൾ കാണാൻ നല്ല ചേലുള്ളവൾ' എന്നു തന്നെ. looker on എന്നാൽ 'കാഴ്ചക്കാരൻ'. ഇതേ അർത്ഥത്തിൽ onlooker എന്നും പറയും.

Look before you leap എന്നൊരുചൊല്ലുണ്ട്. 'ഇരിക്കുന്നതിന് മുമ്പ് കാൽ നീട്ടരുത്' എന്ന മലയാളച്ചൊല്ലിന്റെ ആശയമാണിതിന്. എടുത്തുചാടി ഒന്നും ചെയ്യരുത് എന്നർത്ഥം.

'ശ്രദ്ധിക്കൂ', 'കേൾക്കൂ' എനിങ്ങനെ സംഭാഷണ മധ്യേ ശ്രദ്ധക്ഷണിക്കുന്നതിനു Look!, Look you!, Look here! എന്നിങ്ങനെയുള്ള പ്രയോഗങ്ങളുണ്ട്.



ഇനി ചില phrasal verbs നോക്കുക:

Look after: സംരക്ഷിക്കുക

Who will look after your kids when you go abroad? (നീ വിദേശത്തു പോവുമ്പോൾ നിന്റെ കുട്ടികളെ ആരു സംരക്ഷിക്കും?)

Look ahead: ഭാവിക്കു വേണ്ടി ആസൂത്രണം നടത്തുക. Looking ahead, we have to change these classrooms

(ഭാവിയിലേക്കു നോക്കുമ്പോൾ, ഈ ക്ലാസ് മുറികൾ നാം മാറ്റേണ്ടതുണ്ട്)

Look back: കഴിഞ്ഞതിലേക്ക് തിരിഞ്ഞു നോക്കുക. It is interesting to look back on our childhood.

(നമ്മുടെ കുട്ടിക്കാലത്തേക്ക് തിരിഞ്ഞു നോക്കുന്നത് രസകരമാണ്)

Look for: തിരയുക

They are looking for a rented jeep (അവൻ ഒരു വാടകജീപ്പ് അന്വേഷിക്കുകയാണ്)

Look over: സൂക്ഷ്മമായി പരിശോധിക്കുക.

Look over what you have written once again (നിങ്ങളെഴുതിയത് ഒന്നുകൂടി പരിശോധിക്കുക)

Poem



# SONG UNSUNG

**Rabindranath Tagore**

The song that I came to sing remains unsung to this day.
I have spent my days in stringing and in unstringing my instrument.
The time has not come true, the words have not been rightly set;
only there is the agony of wishing in my heart.
The blossom has not opened; only the wind is sighing by.
I have not seen his face, nor have I listened to his voice;
only I have heard his gentle footsteps from the road before my house.
The livelong day has passed in spreading his seat on the floor;
but the lamp has not been lit and I cannot ask him into my house.
I live in the hope of meeting with him; but this meeting is not yet.